# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 29 | 2016 |

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

## വടക്കേനടവഴിയുള്ള ദർശനത്തിന് ക്യൂ സംവിധാനം; മരാമത്ത് ജോലികൾ പൂർത്തിയായി

ശബരിമല: മകരവിളക്ക് തീർഥാടനത്തിനു മുന്നോടിയായി സന്നിധാനത്ത് ബാരിക്കേഡുകളുടെ പുനരുദ്ധാരണവും പൊതുമരാമത്ത് ജോലികളും പൂർത്തിയായി. സുരക്ഷയും സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി ഡിസംബർ 27ന് പൊലീസ് സ്പെഷൽ ഓഫീസറും ദേവസ്വം ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസ് നിർദേശിച്ച സുരക്ഷാസൗകര്യങ്ങളാണ് ഒരുക്കിയത്. ബാരിക്കേഡുകളുടെ പുനരുദ്ധാരണം, ഗേറ്റുകൾ സ്ഥാപിക്കൽ, താൽക്കാലിക ബാരിക്കേഡ് നിർമിക്കൽ അടക്കമുള്ള പ്രവർത്തികൾ ദ്രുതഗതിയിൽ ദേവസ്വം മരാമത്തുവിഭാഗം പൂർത്തീകരിച്ചു.

ദേവസ്വം മരാമത്ത് അസിസ്റ്റന്റ് എൻജിനീയർ ജി. ബസന്തകുമാറിന്റെ നേതൃത്വത്തിൽ രാവും പകലും പണിയെടുത്താണ് മൂന്നുദിവസം മുമ്പ് പൊലീസ് നിർദേശിച്ച സുരക്ഷാ സൗകര്യങ്ങൾ ഒരുക്കിയത്.

നടപ്പന്തലിൽ തീർഥാടകരുടെ ക്യൂവിനുള്ള ബാരിക്കേഡുകളുടെ നീളം വർധിപ്പിച്ചു. പുതിയ ഗേറ്റുകൾ സ്ഥാപിച്ചു. ഇരുമുടിക്കെട്ടില്ലാതെ വടക്കേനടവഴി

ദർശനത്തിന് കയറുന്നവർക്കായി മാളികപ്പുറത്തിനു താഴെയുള്ള നടപ്പന്തലിൽ ക്യൂ സംവിധാനം ഒരുക്കുന്നതിന് പൊലീസ് നിർദേശപ്രകാരം താൽക്കാലിക ബാരിക്കേഡ് നിർമിച്ചു. നടപ്പന്തൽ, ശബരീപീഠം, പാണ്ടിത്താവളം എന്നിവിടങ്ങളിലേക്ക് ക്യൂ നീട്ടുന്നതിനുള്ള ക്രമീകരണങ്ങളൊരുക്കി. 675 മീറ്റർ നീളത്തിൽ വരി നിൽക്കാനുള്ള സ്ഥലം ഇതിലൂടെ ലഭിക്കും.

ശബരിമലയിലെ ഖരമാലിന്യങ്ങൾ പ്ലാന്റിലെത്തിച്ച് സംസ്കരിച്ചു. ഓടകളുടെയും പൊട്ടിയ പൈപ്പുകളുടെയും അടക്കം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എൻജിനീയർ ജി. ബസന്തകുമാർ പറഞ്ഞു. മാളികപ്പുറത്ത് തിക്കും തിരക്കുംമൂലം അപകടമുണ്ടായ സ്ഥലത്തെ ബാരിക്കേഡുകളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചു. സുരക്ഷയുടെ ഭാഗമായി പതിനെട്ടാംപടിക്കു താഴെയുള്ള ബാരിക്കേഡുകളിൽ കമ്പിവല സ്ഥാപിച്ചു.

## ഫോട്ടോ കാപ്ഷൻ

ഇരുമുടിക്കെട്ടില്ലാതെ വടക്കേനടവഴി ദർശനത്തിന് കയറുന്നവർക്കായി മാളികപ്പുറത്തിനു താഴെയുള്ള നടപ്പന്തലിൽ ക്യൂ സംവിധാനം ഒരുക്കുന്നതിന് ദേവസ്വം മരാമത്ത് വിഭാഗം താൽക്കാലിക ബാരിക്കേഡ് നിർമിക്കുന്നു.

(ശബരി പി.ആർ./344/2016)

# മലകയറി മനംനിറഞ്ഞ് സേവനം

ശബരിമല: സേലം സ്വദേശികളായ സ്വാമിയപ്പനും പെരിയസ്വാമിക്കും ജ്യോതിവേലിനും പേരുകൾ അർഥമാക്കുന്നതുപോലെ പൂങ്കാവനത്തിലെ സേവനം ഒരു നിയോഗമാണ്. മൂന്നുപേരും തമിഴ്നാട് സേലം ജില്ലയിലെ സിത്തപ്പടി ഗ്രാമത്തിൽ നിന്നാണ് ഇവിടെ എത്തിയത്. പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ(എസ്.എസ്.എസ്.) 800 പ്രവർത്തകരിൽപ്പെടുന്നു ഇവരും. ശബരിമലയും പമ്പയും എല്ലാദിവസവും വൃത്തിയാക്കുന്നത് ഇവരാണ്.

സന്നിധാനത്തെയും പമ്പയെയും ശുചിത്വമുള്ളതാക്കാനും പരിപാവനമായി കാത്തുസൂക്ഷിക്കാനും ഇവർ മുഖ്യപങ്കുവഹിക്കുന്നു. മാലിന്യങ്ങൾ നിരന്തരം ശേഖരിച്ച് മാറ്റുന്നു.

മൊത്തം 800 പേരാണ് സൊസൈറ്റിയുടെ കീഴിൽ സേവനസന്നദ്ധരായിട്ടുള്ളത്. ഇതിൽ 300 പേർ സന്നിധാനത്തും 315 പേർ പമ്പയിലും 150 പേർ നിലയ്ക്കലും 25 പേർ പന്തളത്തും 10 പേർ കുളനടയിലും ജോലി ചെയ്യുന്നു. കളക്ടർ നിയോഗിക്കുന്ന ഡ്യൂട്ടി മജിസ്ട്രേറ്റിനാണ് മേൽനോട്ട ചുമതല. 20 പേർ അടങ്ങുന്ന ഷിഫ്ടിലാണ് ഓരോ ദിവസത്തെയും ജോലി. ജോലിക്കാരിൽ 700 പേർ തമിഴ്നാട് സേലം സ്വദേശികളും 100 പേർ മധുര ജില്ലക്കാരുമാണ്.

സേലം സ്വദേശികളായ രാമലിംഗം സന്നിധാനത്തും രാജു പമ്പയിലും കോ ഓർഡിനേറ്റർമാരാണ്. നവംബർ പത്തിനാണ് സംഘം എത്തിയത്.

ഇനി മകരവിളക്കും കഴിഞ്ഞ് ജനുവരി 20നേ ഊരുകളിലേക്ക് മടങ്ങൂ. സന്നിധാനത്തുള്ളവർ മാളികപ്പുറത്തിനു സമീപമാണ് താമസം. അന്നം ദേവസ്വം ബോർഡിന്റെ ഭക്ഷണശാലയിൽ നിന്ന്. ഒരാൾക്ക് 325 രൂപയാണ് കൂലി. മകരവിളക്ക് കഴിഞ്ഞ് മടിനിറയെ പണവും മനം നിറയെ അനുഗ്രഹമായിട്ടാണ് ഇവർ മലയിറങ്ങുന്നത്. അധ്വാനത്തിലെ സംതൃപ്തിയും അനുഗ്രഹവുമാണ് വീണ്ടും വരാൻ പ്രേരിപ്പിക്കുന്നതെന്ന് സന്നിധാനം കോ ഓർഡിനേറ്റർ രാമലിംഗം പറഞ്ഞു.

## ഫോട്ടോ കാപ്ഷൻ

ശബരിമല സാനിട്ടേഷൻ സൊസൈറ്റി (എസ്.എസ്.എസ്.) പ്രവർത്തകർ സന്നിധാനത്തെ നടപ്പന്തൽ ശുചീകരിക്കുന്നു.

(ശബരി പി.ആർ./345/2016)

## പൂജാപുഷ്പങ്ങളൊരുക്കി ശബരിനന്ദനം

ശബരിമല: ശബരീശന് പൂജാപുഷ്പങ്ങളൊരുക്കി ശബരിനന്ദനം. അരളിയും ചെത്തിയും ശംഖുപുഷ്പവും പൂവിട്ടു നിൽക്കുന്ന സന്നിധാനത്തെ പൂന്തോട്ടത്തിൽനിന്ന് നിത്യേന പൂജയ്ക്കുള്ള പുഷ്പങ്ങൾ സോപാനത്തിലെത്തും.

ദേവസ്വം മരാമത്ത് വിഭാഗമാണ് ശബരീശന്റെ മണ്ണിൽ ശബരിനന്ദനമെന്ന പൂന്തോട്ടമൊരുക്കിയിരിക്കുന്നത്. അരളി, വിവിധ നിറങ്ങളിലും ഇനങ്ങളിലുമുള്ള ചെത്തി, മുല്ല, ശംഖുപുഷ്പം, റോസ്, ചെമ്പരത്തി, നന്ത്യാർവട്ടം, ജമന്തി, കോളാമ്പി, തെച്ചി ചെടികളെല്ലാം പൂവിട്ടു നിൽക്കുന്നു. തുളസിച്ചെടികളുമുണ്ട്. ശബരീശന് ഇഷ്ടമുള്ള ശംഖുപുഷ്പമടക്കമുള്ള പൂവുകൾ നിത്യേന പൂജയ്ക്കായി ഇവിടെനിന്ന് കൊണ്ടുപോകുന്നു.

പൂന്തോട്ടത്തെ പരിപാവനമായി കാത്തുസൂക്ഷിക്കുന്നു. മുണ്ടക്കയത്ത് ദേവസ്വം കഴകം ജീവനക്കാരനായ നെയ്യാറ്റിൻകര പെരിങ്കടവിള സ്വദേശിയായ കെ. ശശിയാണ് പൂന്തോട്ടത്തിന്റെ സർവസ്വവും. താത്കാലികമായാണ് ശശി ഇവിടെ ജോലി ചെയ്യുന്നത്. ചെടികളെ മക്കളെപ്പോലെയാണ് പരിപാലിക്കുന്നതെന്ന് ശശി പറയുന്നു. രണ്ടുനേരവും നനയ്ക്കും. ചാണകമാണ് വളം. രാസവളങ്ങൾ ഉപയോഗിക്കാറില്ല. കാട്ടുപന്നിയുടെ ശല്യമുണ്ട്. പന്നി കയറി ആദ്യമൊക്കെ ചെടികൾ നശിപ്പിച്ചു. പിന്നീട് കമ്പിവലകൾ രണ്ടു തട്ടായി ഇട്ട് ശബരിനന്ദനത്തെ സംരക്ഷിക്കുന്നു.

പൂന്തോട്ടത്തിന്റെ വലുപ്പം അല്പം കൂടി വർധിപ്പിച്ച് കൂടുതൽ ചെടികൾ നടാനും കരുത്തുള്ള വേലി നിർമിച്ച് സംരക്ഷിക്കാനുമുള്ള ഒരുക്കത്തിലാണ് മരാമത്ത് വിഭാഗം. ശബരിനന്ദനത്തിനിത് പൂക്കാലമാണ്. വർണക്കാഴ്ചകളൊ

രുക്കുന്നതിനൊപ്പം ശബരീശന്റെ പൂജാപുഷ്പവുമാകുന്നു.

## ഫോട്ടോ കാപ്ഷൻ

സന്നിധാനത്തെ ശബരിനന്ദനം പൂന്തോട്ടം.

(ശബരി പി.ആർ./346/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 29 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd

# മകരവിളക്ക് ഉത്സവത്തിനായി ശബരിമല നട ഇന്നു തുറക്കും

ശബരിമല: ഈ വർഷത്തെ മകരവിളക്ക് ഉത്സവത്തിനായി ശബരിമല നട ഇന്നു (ഡിസംബർ 30) തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ മേൽശാന്തി ടി.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി തിരുനട തുറക്കും. യോഗനിദ്രയിലായിരുന്ന ഭഗവാനെ ഭക്തജനസാന്നിധ്യം അറിയിച്ച് മേൽശാന്തി ദീപം തെളിയിക്കും. തുടർന്ന് മാളികപ്പുറത്ത് നട തുറക്കുന്നതിന് അനുമതിയും ഭസ്മവും നൽകി മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരിയെ അയയ്ക്കും.

സന്നിധാനത്തെ ഉപദേവന്മാരായ കന്നിമൂലഗണപതിക്കും നാഗരാജാവിനും ദീപം തെളിച്ചശേഷം പതിനെട്ടാംപടിയിറങ്ങി മേൽശാന്തി ആഴി തെളിക്കും. തുടർന്ന് പതിനെട്ടാംപടി കയറാൻ ഭക്തർക്ക് അനുവാദം നൽകും. ഭസ്മാഭിഷിക്തനായി ശിരസിൽ ഉത്തരീയം കൊണ്ടുള്ള കെട്ടും കൈയിൽ ജപമാലയും രുദ്രാക്ഷ മാലയുമണിഞ്ഞ് യോഗദണ്ഡും പിടിച്ച് ചിന്മുദ്രയിലാണ് ഭഗവാൻ. യോഗനിദ്രയിലായതിനാൽ ഭഗവാന് ഇന്ന് പ്രത്യേക പൂജകളൊന്നുമില്ല. തീർഥാടകർക്ക് സുഗമമായി ദർശനം നടത്താം.

ജനുവരി 13ന് പമ്പ വിളക്കും പമ്പ സദ്യയും നടക്കും. ജനുവരി 14നാണ് മകരവിളക്കും മകരജ്യോതി ദർശനവും. ജനുവരി 19 വരെയാണ് ദർശനം. ജനുവരി 20ന് രാവിലെ ഏഴിന് നട അടയ്ക്കും.

മകരവിളക്ക് ഉത്സവത്തിൽ തീർഥാടകർക്ക് സുഗമമായി പങ്കുചേരുന്നതിനുള്ള ഒരുക്കം പൂർത്തിയായതായി ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ജനുവരി എട്ട്, ഒമ്പത് തീയതികളിൽ പമ്പാ സംഗമം നടക്കും. ശബരിമലയെ ദേശീയ തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിലൂന്നിയാണ് ഇക്കുറി പമ്പ സംഗമം സംഘടിപ്പിക്കുന്നതെന്ന് പ്രസിഡന്റ് പറഞ്ഞു. ഇത്തവണ പമ്പ സംഗമം രണ്ടുദിവസമാണ്. ദക്ഷിണേന്ത്യയിലെ പ്രമുഖ മന്ത്രിമാരും ഭരണകർത്താക്കളും ആത്മീയ നേതാക്കളും പങ്കെടുക്കും.

(ശബരി പി.ആർ./346/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 29 | 2016 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 3



ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook: facebook.com/sabarimalaprd


# അഗ്നിശമന-രക്ഷാ സേനയുടെ പുതിയ ബാച്ച് ചുമതലയേറ്റു

**- പൊലീസിന്റെ പുതിയ ബാച്ച് ഇന്ന് ചുമതലയേൽക്കും**

അഗ്നിശമന-രക്ഷാ സേനയുടെ പുതിയ ബാച്ച് ശബരിമലയിൽ ചുമതലയേറ്റു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ പി. രഞ്ജിത്തിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് 66 പേരും റജി കുര്യാക്കോസിന്റെ നേതൃത്വത്തിൽ പമ്പയിൽ 72 പേരുമാണ് ജോലിയിലുള്ളത്. സന്നിധാനത്ത് എട്ടു പോയിന്റുകളിലും പമ്പയിൽ ഏഴു പോയിന്റുകളിലുമായാണ് ഇവരെ നിയോഗിച്ചിരിക്കുന്നത്.

സന്നിധാനത്ത് പൊലീസിന്റെ പുതിയ ബാച്ച് ഇന്ന്(ഡിസംബർ 29) രാവിലെ ചുമതലയേൽക്കും. പൊലീസുകാർ സന്നിധാനത്തെ ക്യാമ്പുകളിലെത്തിയിട്ടുണ്ട്.

(ശബരി പി.ആർ./347/2016)

# പുണ്യംപൂങ്കാവനം: കാനനപാതകളിൽ ശുചീകരണം

പുണ്യംപൂങ്കാവനം ശുചീകരണയജ്ഞത്തിന്റെ ഭാഗമായി ശബരിമലയിലെ

കാനനപാതയോരങ്ങളിൽ ശുചീകരണം നടത്തി. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് മാറ്റി. ദ്രുതകർമസേന, വനംവകുപ്പ്, സന്നദ്ധസംഘടനകൾ എന്നിവർ പങ്കെടുത്തു. സന്നിധാനത്ത് പൊലീസ് അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ ജി. ജയ്ദേവ് ഉദ്ഘാടനം ചെയ്തു. ദ്രുതകർമസേന അസിസ്റ്റന്റ് കമാൻഡന്റ് പി.ജെ. റോബിൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(ശബരി പി.ആർ./348/2016)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 29 | 2016 |



**ശബരിമല പത്രക്കുറിപ്പ് 4**

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook: facebook.com/sabarimalaprd


# പുതിയ പൊലീസ് ബാച്ച് ഇന്ന് ചുമതലയേൽക്കും

## - ശബരിമലയിലും എരുമേലിയിലുമായി 2,980 പൊലീസുകാർ

ശബരിമലയിലും എരുമേലിയിലും പുതിയ പൊലീസ് ബാച്ച് ഇന്ന്(ഡിസംബർ 30) ചുമതലയേൽക്കുമെന്ന് ശബരിമല ജോയിന്റ് കോ-ഓർഡിനേറ്ററായ ഐ.ജി. എസ്. ശ്രീജിത്ത് പറഞ്ഞു. ഡിവൈ.എസ്.പി.മാരടക്കം 2,980 പൊലീസുകാരെയാണ് സുരക്ഷാ ജോലിക്ക് നിയോഗിക്കുന്നത്.

പമ്പയിൽ എട്ടു ഡിവൈ.എസ്.പി.മാരെയും 18 സി.ഐ.മാരെയും 80 എസ്.ഐ., എ.എസ്.ഐ.മാരെയും 960 പൊലീസുകാരെയും 13 വനിതാ പൊലീസുകാരെയും നിയോഗിച്ചു. സന്നിധാനത്ത് 12 ഡിവൈ.എസ്.പി.മാരും 30 സി.ഐ. മാരും 100 എസ്.ഐ., എ.എസ്.ഐ.മാരും 1,325 പൊലീസുകാരുമാണുള്ളത്.

എരുമേലിയിൽ ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ആറു സി.ഐ.മാരും 63 എസ്.ഐ., എ.എസ്.ഐ.മാരും 358 പൊലീസുകാരും ആറു വനിതാ പൊലീസുകാരും സുരക്ഷാ ജോലിക്ക് ഉണ്ടാകും.

പുതിയ ബാച്ചിലെ അംഗങ്ങൾ സന്നിധാനത്തും പമ്പയിലും എത്തിയിട്ടുണ്ട്.

(ശബരി പി.ആർ./349/2016)

